# ACADEMIC MASTER PLAN
## മേഖല യുപി

Scanned with OKEN Scanner

| **പൊതു ലക്ഷ്യങ്ങൾ** | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1. പഠിതാക്കളെ കുറിച്ചുള്ള അധ്യാപകരുടെ ധാരണ വർദ്ധിപ്പിക്കുക | വിദ്യാർത്ഥികളുടെ ചുറ്റുപാടുകളെ കുറിച്ച് ( സാമൂഹിക,സാമ്പത്തിക, ഭൗതിക) വിശ്വസനീയമായ രീതിയിൽ വിവരശേഖരണം നടത്തുന്നു | അക്കാദമിക വർഷത്തിന്റെ ആദ്യ ഭാഗം | സഹ അധ്യാപകരുടെ സഹായത്തോടെ ക്ലാസ് അധ്യാപകർ | |
| 2. പ്രത്യേക പരിഗണന അർഹിക്കുന്ന പഠന പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ പഠനനിലവാരം ഉയർത്തൽ | നിരന്തര പരിശീലനവും മൂല്യനിർണയവും നടത്തി പിന്നാക്ക നിലവാരത്തിലുള്ള കുട്ടികളെ മുന്നോട്ടുകൊണ്ടുവരുന്നു.<br><br>ഐക്യൂ ടെസ്റ്റ് നടത്തി കുട്ടികളുടെ ബൗദ്ധിക നിലവാരം കണ്ടെത്തുന്നു . കുട്ടികളിൽ ആത്മവിശ്വാസവും ആത്മധൈര്യവും പകർന്ന് പരിശീലനം നൽകുന്നു. | അക്കാദമിക വർഷം<br><br>ജൂൺ ജൂലൈ മാസങ്ങൾ | SRG, ക്ലാസ്സ് അദ്ധ്യാപകർ | PTA, പൂർവ്വ വിദ്യാർത്ഥി സംഘടന<br><br>BRC |
| 3. സവിശേഷ കഴിവുള്ള കുട്ടികളുടെ സർഗ്ഗശേഷികൾ വികസിപ്പിച്ച് ദേശീയ അന്തർദേശീയ തലത്തിലേക്ക് ഉയർത്തൽ | ഓരോ യൂണിറ്റിന്റെയും അവസാനത്തിൽ മൂല്യനിർണയം നടത്തുന്നു. മുന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു | അക്കാദമിക വർഷം | SRG | PTA, പൂർവ്വ വിദ്യാർത്ഥി സംഘടന |
| 4. കുട്ടികളിൽ എന്തു സംഭവിക്കുന്നു എന്ന് രക്ഷിതാക്കളെ ബോധവത്കരിക്കൽ (സ്വഭാവരൂപീകരണം പഠന മേഖല) | നിലവിലുള്ള സാമൂഹ്യ ചുറ്റുപാടുകളെ കുറിച്ചുള്ള അവബോധം രക്ഷിതാക്കൾക്ക് ക്ലാസുകളിലൂടെ നൽകുന്നു. നവമാധ്യമങ്ങളുടെ തള്ളിക്കയറ്റം (ടിവി, മൊബൈൽ, ഇൻറർനെറ്റ്, ഗെയിമുകൾ, whatsapp, facebook എന്നിവയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് രക്ഷിതാക്കളെ ബോധവൽക്കരിക്കുന്നു | അക്കാദമിക വർഷത്തിൽ രണ്ട് പ്രാവശ്യം | Psycho socio counsellor, ക്ലാസ്സ് അദ്ധ്യാപകർ | PTA |
| 5. കാലഘട്ടത്തിന്റെ സവിശേഷതകൾ മനസ്സിലാക്കി ധാർമികത മുൻനിർത്തിയുള്ള മൂല്യാധിഷ്ഠിത | സന്മാർഗ്ഗ പഠനം അധ്യയനവർഷത്തിന്റെ തുടക്കത്തിൽ പത്ത് ദിവസം നൽകുന്നു. തുടർന്നും | അക്കാദമിക വർഷത്തിന്റെ ആദ്യ ഭാഗം, ആഴ്ചയിൽ | ക്ലാസ്സ് അദ്ധ്യാപകർ | |

Scanned with OKEN Scanner

| **പൊതു ലക്ഷ്യങ്ങൾ** | | | | |
|---|---|---|---|---|
| വിദ്യാഭ്യാസം നൽകുക | പാഠഭാഗത്തോടൊപ്പം ഉൾച്ചേർത്ത് പരിശീലനം നൽകുന്നു. ലഹരി ഉപയോഗത്തിനെതിരെ, ട്രാഫിക് നിയമങ്ങൾ, ശുചിത്വം, ആരോഗ്യം വ്യായാമം, ഡിജിറ്റൽ അച്ചടക്കം, പൊതുമുതൽ സംരക്ഷണം, പരസ്പര സഹകരണം എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നു. | രണ്ടു പ്രാവശ്യം | | |
| 6. പ്രകൃതി സൗഹൃദ ക്യാമ്പസ് | തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക, പൂന്തോട്ടം മെച്ചപ്പെടുത്തുക, ക്യാമ്പസിൽ പച്ചക്കറി കൃഷി ഒരുക്കുക, സ്കൂൾ ക്യാമ്പസ് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത മേഖലയായി പ്രഖ്യാപിക്കുന്നു. പാഴ്വസ്തുക്കളിൽ നിന്ന് മൂല്യ വർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നു. | അക്കാദമിക വർഷം | IRTC, Health club, ഹരിത സേന, ശുചിത്വ ക്ലബ്ബ്, പ്രവൃത്തിപരിചയ ക്ലബ്ബ് | PTA, ജില്ലാ പഞ്ചായത്ത്, കൃഷിവകുപ്പ് |
| 7. കുട്ടികളിൽ സമൂഹത്തോടുള്ള പ്രതിബദ്ധതയും സഹാനുഭൂതിയും വളർത്തിയെടുക്കൽ | കുട്ടികളുടെ ആർഭാടത്തെ മിതപ്പെടുത്തി പഠനസഹായം, ബാഗ് സമാഹരണം, തുണി സഞ്ചി നിർമ്മാണം എന്നിവയിലൂടെ സമൂഹത്തിലെ അവശവിഭാഗത്തോട് പക്ഷം ചേർന്ന് പ്രവർത്തിക്കുന്നു | അക്കാദമിക വർഷം | പ്രവൃത്തിപരിചയ ക്ലബ്ബ് | PTA, ജില്ലാ പഞ്ചായത്ത്, |

Scanned with OKEN Scanner

| മേഖല യുപി മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1. ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ് - വ്യക്തിഗത വിലയിരുത്തൽ<br>2. അക്ഷരമുറപ്പിക്കൽ<br>3. അക്ഷര കാർഡ് നൽകൽ<br>4. വാക്കുകളെഴുതിയ കാർഡ്<br>5. വാക്ക് നിർമ്മാണം<br>6. വാക്യനിർമ്മാണം<br>7. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | ജൂൺ ജൂലൈ മാസങ്ങൾ | മലയാളം വിഷയ സമിതി | 1500 |
| 2. ഭാഷയുടെ അടിസ്ഥാനശേഷി വികസനം -ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു. (കഥ,കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ് ) | ജൂൺ ജൂലൈ മാസങ്ങൾ | മലയാളം വിഷയ സമിതി | 500 |
| 3. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. ക്ലാസ് തല ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. അതത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ് സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | 6 മാസം<br>വർഷത്തിൽ മൂന്ന് തവണ | മലയാളം വിഷയ സമിതി, ലൈബ്രറി അധ്യാപകർ<br>മലയാളം വിഷയ സമിതി | 2000 |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 4. സാഹിത്യകൃതികളോടും സാഹിത്യകാരന്മാരുടെ ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സംവാദം /മുഖാമുഖം<br>സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ടു പ്രാവശ്യം | പ്രധാന അധ്യാപിക എസ് ആർ ജി മലയാളം വിഷയസമിതി | 2500 |
| 5. പഠിതാക്കളുടെ കലാവാസനങ്ങളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽകാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരുടെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ നടത്തുന്നു | അക്കാദമിക് വർഷം | എസ് ആർ ജി,മലയാളം വിഷയസമിതി | 2000 |
| 6. കുട്ടികളുടെ എഫ് എം അവതരണ മികവ് | DGHSS FM<br>വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു | രണ്ടു വർഷത്തിനുള്ളിൽ | PTA, HM, മലയാളം വിഷയസമിതി | 4500 |

Scanned with OKEN Scanner

| SECTION UP ENGLISH | | | | |
|---|---|---|---|---|
| OBJECTIVES | ACTIVITIES | DURATION | CHARGE | FUNDING |
| 1. To Improve the vocabulary of children | 1. Provid daily a word on blackboard and monitor it once in a week<br>2. Let the learners prepare picture cards and word cards that related to day to day life<br>3. Use sight words on the classroom wall | June - December | English subject Council | 1000 |
| 2. Develop a positive attitude towards English language | 1. Role play of English lessons<br>2. Different games<br>3. News reading competition<br>4. Choreography of poems<br>5. Word puzzles | June- February | English subject Council | 1000 |
| 3. Improve the presentation skill | 1. Diary presentation<br>2. Discourse presentation<br>3. Simple conversation<br>4. Hot seat program<br>5. English speech on different subjects<br>6. Once in a month school assembly | June- February | English subject Council | 1500 |
| 4. Enrich the reading and writing skills of students | 1. Prepare magazines<br>2. Day observance and celebrations<br>3. Opportunities for go through reading cards and preparing notes | June- December | English subject Council | 2500 |
| 5. Equip the children for English communication | 1. Spoken English practices in classrooms<br>2. English notes and thoughts of day on notice boards and a classroom boards<br>3. Provide E-cube training to English club members. | June - February | English subject Council | 1000 |
| 6. Improve the English pronunciation | To arrange the facilities for hearing and watching English news cartoons films etc | June - February | English subject Council | 1000 |

Scanned with OKEN Scanner

| മേഖല യുപി ഹിന്ദി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 6,7 കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു | ജൂൺ ആദ്യവാരം | ഹിന്ദി അധ്യാപകർ | 1000 |
| 2. അഞ്ചാം തരത്തിൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കൽ പഠിപ്പിക്കൽ | പുതിയ പദങ്ങളിലൂടെയും പദ്യങ്ങളിലൂടെയും ഹിന്ദി അക്ഷരങ്ങളെ പരിചയപ്പെടുത്തുന്നു. ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ ഉപയോഗിക്കുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | 1000 |
| 3. ഹിന്ദി ഭാഷ സുഗമമായി വായിക്കൽ | 1. കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന ഭാഷാപോഷിണി പ്രവർത്തനങ്ങൾ പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>2. ഓരോ ക്ലാസിലും ദിവസവും ഹിന്ദി വായന ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക<br>ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം.<br>3. CWSN, slow learners കുട്ടികൾക്കായി പ്രത്യേകം പസിലുകൾ ഐസിടി മുഖാന്തിരം പല വർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം<br>4. ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ ജീവനികൾ ആത്മകഥകൾ കവിതകൾ കഥകൾ എന്നിവ വായിപ്പിക്കുന്നു. | ജൂൺ രണ്ടാം വാരം<br>പ്രതിദിനം<br>ആഴ്ചയിൽ ഒരു പ്രാവശ്യം | ഹിന്ദി അധ്യാപകർ | 1000 |
| 5. ഹിന്ദി ഭാഷ സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ | 1. ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം ഒരുക്കുക<br>വാർത്തകൾ കാണാനുള്ള അവസരം ഒരുക്കുക.<br>2. കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തിക്കൊണ്ട് AI | 6 മാസം | ഹിന്ദി അധ്യാപകർ | 3000 |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാ പഠനം എളുപ്പത്തിൽ ആക്കാനും ഉള്ള പ്രവർത്തനം.<br>3. പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | | |
| 6. ഹിന്ദി ഭാഷ എഴുതാനുള്ള ശേഷി വർദ്ധിപ്പിക്കൽ | 1. കുട്ടികളെ കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കിക്കുന്നു<br>2. ചിത്രങ്ങൾ നൽകി കഥ എഴുതുന്ന പ്രവർത്തനം<br>3. ഹിന്ദിയിൽ പോസ്റ്റർ നിർമ്മാണം<br>4. സംഭാഷണം പൂർത്തിയാക്കുന്ന പ്രവർത്തനം. | അക്കാദമിക് വർഷം | ഹിന്ദി അധ്യാപകർ | 1000 |
| 7. ഭാഷാജ്ഞാനം വർദ്ധിപ്പിക്കൽ | **ഹിന്ദി നാടകോത്സവം**<br>-കഥാവായന<br>-കഥാരചന<br>-അഭിനയ പരിശീലനം<br>-ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം<br>-വേദികളിൽ അവതരണത്തിന് അവസരം | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ ക്ലാസ് അധ്യാപകർ മറ്റ് അധ്യാപകർ പിടിഎ രക്ഷിതാക്കൾ | |

Scanned with OKEN Scanner

| മേഖല യുപി അറബിക് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| അറബിക് മധുരം<br>അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി | എഴുത്ത്, വായന<br>1. മൂല്യനിർണയം നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>2. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസമനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റ് ൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക.<br>3. ഓരോ കുട്ടിക്കും ഓരോ ടാബ് വീതം നൽകി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗെയിമുകൾ നൽകുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ ഗെയിമിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു.<br>4. പ്രത്യേകം തയ്യാറാക്കിയ മോഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് 'അറബിക് മധുരം' ക്ലാസ് നൽകുക | രണ്ടുമാസം | അറബിക് അധ്യാപകർ ബി ആർ സി ഡയറ്റ് പൂർവവിദ്യാർത്ഥികൾ | |
| 2. വായനലോകം<br>കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ, വായന മെച്ചപ്പെടുത്തുക | 1. -തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)<br>-ചിത്രകഥ<br>-കഥ പുസ്തകം, കുട്ടിക്കവിതകൾ, ചെറിയ വിവരണ ബുക്കുകൾ,<br>-അറബിക് ക്വിസ്<br>2.ക്ലാസ്സ് വായന<br>.ഓരോ അറബിക് പീരിയഡിലും ആദ്യ അഞ്ച് മിനിറ്റിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക<br>. വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വയ്ക്കുക<br>. കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുക. | 6 മാസം | അറബിക് അധ്യാപകർ | 2500 |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 3. ആസ്വാദനലോകം<br>അറബിക് ഭാഷയെ അടുത്തറിയാനും ആസ്വദിക്കാനും ഉള്ള അവസരം ഒരുക്കൽ | 1. ആസ്വാദനസഭ<br>- പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രമിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ ആസ്വാദനസഭ ചേരുക<br>- ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ ആസ്വാദകരാവണം അറബിക് ഭാഷയെ അടുത്തറിയാനും ആസ്വദിക്കാനും ഉള്ള അവസരം ഒരുക്കൽ.<br>2. കാഴ്ചയും കേൾവിയും<br>നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽസിഡി പ്രോജക്ടറിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കുന്നു (ഖുർആൻ കഥകൾ ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ ഡോക്യുമെന്ററികൾ) | 6 മാസം | അറബിക് അധ്യാപകർ | |
| 4. അനുഭവലോകം<br>അറബിക് ലാംഗ്വേജ് ലാബ് | -വിദേശ ഭാഷാ പഠനം ഏറ്റവും സാധ്യമാവുക ഭാഷാ അന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണ് അതിനാൽ അറബി ഭാഷാ പഠനത്തിന് ലാംഗ്വേജ് ഉപയോഗപ്പെടുത്തുന്നു തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക<br>-എൽസിഡി പ്രോജക്ടറിന്റെ സഹായത്തോടെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ,പാട്ടുകൾ, കഥകൾ,സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കാനുമുള്ള അവസരം | 1 മാസം | അറബിക് അധ്യാപകർ | 2500 |

| മേഖല യുപി സംസ്കൃതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1. എല്ലാ കുട്ടികളിലും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | • അക്ഷരമെഴുത്ത്<br>• അക്ഷരമാല പ്രദർശനം<br>• പാട്ടുകളും കഥകളും കേൾപ്പിക്കൽ<br>• വാക്കുകൾ എഴുതിയ കാർഡ് | ജൂൺ ജൂലൈ ഓഗസ്റ്റ് | സംസ്കൃത അധ്യാപിക | 1000 |
| 2. ഭാഷയിൽ സ്വയം പര്യാപ്തത കൈവരിക്കൽ | • സുഭാഷിതങ്ങൾ കണ്ടെത്തി അവതരിപ്പിക്കൽ<br>• കവിത പാടാനും കഥ പറയാനുമുള്ള അവസരം | സെപ്റ്റംബർ മുതൽ ജനുവരി വരെ | സംസ്കൃത അധ്യാപിക | 1000 |
| 3. കുട്ടികളുടെ ആസ്വാദനശേഷി വർദ്ധിപ്പിക്കൽ സഭാകമ്പം നിവാരണം ചെയ്യൽ | • സുഭാഷിതങ്ങൾ കണ്ടെത്തി അവതരിപ്പിക്കൽ<br>• കഥാകവിത അവതരണം | ഫെബ്രുവരി മുതൽ മാർച്ച് വരെ | സംസ്കൃത അധ്യാപിക | 1000 |

Scanned with OKEN Scanner

| യുപി മേഖല ഉറുദു | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1. ഉറുദു ഭാഷ പഠനം അനായാസവും രസകരവും ആക്കി ആസ്വാദനപഠനം കുട്ടികൾക്ക് സാധ്യമാക്കുക | ഉർദു വായന<br>വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ബാല മാസികകൾ, ഉറുദുപത്രങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | അധ്യയന വർഷം | ഉറുദു അധ്യാപിക | 1500 |
| 2. ഉറുദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ<br>• ഉറുദുവിൽ മികച്ച കൈയെഴുത്ത് സാധ്യമാക്കാൻ കുട്ടികളിലെ സർഗാത്മകത വളർത്തൽ<br>• മാസിക ചുമർപത്രിക നിർമാണം, വായനകാർഡ് നിർമാണം<br>• ഡിജിറ്റൽ മാഗസിൻ നിർമാണം | അധ്യയന വർഷത്തിൽ 3 പ്രാവശ്യം | ഉറുദു അധ്യാപിക | 1500<br>1000<br>1500 |
| 3. ഉർദു ഭാഷാ വിജ്ഞാനം പരിപോഷിപ്പിക്കൽ | -ക്വിസ് മത്സരങ്ങൾ<br>-ഉറുദു ഗസലിനെയും ഹിന്ദുസ്ഥാനി സംഗീതത്തെയും അടുത്ത് അറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയുംഗസൽ സായാഹ്നവും സംഘടിപ്പിക്കുക<br>-കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് ഉതകമിതം കവിത, ഉപന്യാസ ക്യാമ്പുകൾ നടത്തുക, ഉറുദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക | | ഉറുദു അധ്യാപിക | |
| 4. ഭാഷ ആശയവിനിമയത്തിനു ഉപയോഗിക്കാൻ പ്രാപ്തമാക്കൽ. | -കുട്ടികളിലെ അഭിനയ കഴിവും അവതരണശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ<br>-ടാലന്റ് മീറ്റ് അക്ഷരമരം ഭാഷാ സെമിനാർ എന്റെ പതിപ്പ് | വർഷത്തിൽ ഒന്ന്<br>അതത് ദിനങ്ങളിൽ | ഉറുദു അധ്യാപിക | 6000<br>2000 |
| 5. ആസ്വദിച്ച് വായിക്കാൻ പ്രാപ്തരാക്കൽ | വായന ആസ്വാദന കുറിപ്പ്, പുസ്തക ചർച്ച, ക്വിസ് മത്സരം, മെഗാ ക്വിസ് | ഒരു വർഷം | ഉറുദു അധ്യാപിക | 700 |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 6. ഉറുദു ഭാഷയുടെ പ്രാധാന്യ മനസ്സിലാക്കൽ | പ്രാദേശിക പഠന യാത്രകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉറുദു അധ്യാപിക | 10000 |
| 7. ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉറുദു സാഹിത്യ രൂപങ്ങളെയും ഉറുദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുന്നു ഉറുദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുന്നു. | വർഷത്തിൽ ഒന്ന് | ഉറുദു അധ്യാപിക | 500 |

Scanned with OKEN Scanner

| മേഖല യുപി ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തൽ | ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്ന നമ്പർ കാർഡ് മഞ്ചാടിക്കുരു മുത്തുകൾ ഫ്ലാഷ് കാർഡ് ......ഉപയോഗിക്കുന്നു | ജൂൺ മാസം | ഗണിത വിഷയസമിതി | 1000 |
| 2. രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | ഒറിഗാമി ശില്പശാല<br>ജാപ്പനീസ് കലയായ ഒറിഗാമികളുടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകുന്നു<br>വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തുന്നു പ്രദർശനം സംഘടിപ്പിക്കുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത വിഷയസമിതി | 2000 |
| 3. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാഭ സജ്ജമാക്കുന്നു ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തുന്നു. | ആവശ്യാനുസരണം | ഗണിത വിഷയസമിതി | 500 |
| 4. ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർധിപ്പിക്കൽ | ഗണിത ഗ്രാമം<br>ഗണിതത്തിൽ പ്രാവേണ്യമുള്ള അധ്യാപകർ (മറ്റു വിദ്യാലയങ്ങളിലും മറ്റു മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽഅഞ്ചോ ആറോ തവണ | ഗണിത വിഷയസമിതി | 1500 |
| 5. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തൽ | ഐടി സാധ്യതകളിലൂടെ<br>ജാമിതീയ രൂപങ്ങൾ, ചതുഷ്കിയകൾ, ടാൻഗ്രാം പോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത വിഷയസമിതി, SRG, PTA | 2000 |

Scanned with OKEN Scanner

| മേഖല യുപി സയൻസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1. ശാസ്ത്രകൗതുകം<br>കൗതുകം ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കൽ | -ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്കു മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിക്കുന്നു<br>-പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം<br>ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് വിഷയ സമിതി | 2500 |
| 2. ശാസ്ത്ര പഥത്തിൽ<br>ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | -വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു.<br>-ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് വിഷയ സമിതി | 2500 |
| 3. വിവിധ രുചിക്കൂട്ടുകൾ കുട്ടികളെ പരിചയപ്പെടുത്തുക സമീകൃത ആഹാരത്തിന്റെ ആവശ്യകതയെ പറ്റിയുള്ള ബോധവൽക്കരണം നൽകുക | ഭക്ഷ്യമേള<br>കുട്ടികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തത്തോടെ വീടുകളിൽ ഉണ്ടാക്കിയ പോഷക സമൃദ്ധമായ ഭക്ഷ്യവസ്തുക്കളുടെ പ്രദർശനം | ജൂലൈ | കുട്ടികൾ, രക്ഷിതാക്കൾ, സയൻസ് വിഷയ സമിതി | 2000 |
| 4. ഹൈടെക് വേൾഡ്<br>മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി ശാസ്ത്ര മാസിക പ്രസിദ്ധീകരണം സയൻസ് ലാബ് ഐടി ലാബ് എന്നിവയുടെ ആധുനികവൽക്കരണം | മൂന്നുവർഷത്തിനുള്ളിൽ | സയൻസ് വിഷയ സമിതി, PTA | 3000 |
| 5. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ദേവധാർ- ജൈവവൈവിധ്യ പാർക്ക്<br>ഔഷധത്തോട്ടം പച്ചക്കറി തോട്ടം ശലഭോധ്യാനം കുളം ജൈവവേലി മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം.<br>കണ്ടറിയാനൊരു യാത്ര<br>വംശനാശഭീഷണി നേരിടുന്ന | അക്കാദമിക വർഷം | സയൻസ് വിഷയ സമിതി, PTA | 2000 |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | സസ്യങ്ങളെ കണ്ടെത്തൽ<br>ജൈവവൈവിധ രജിസ്റ്റർ നിർമ്മാണം<br>കാവുകൾ സന്ദർശനം കണ്ടൽക്കാട്<br>നിരീക്ഷണം പുഴയെ അറിയാൻ<br>യാത്രകൾ.<br>പരീക്ഷണ കളരി<br>നിത്യ ജീവിതത്തിൽ പരിചിതമായ<br>വസ്തുക്കൾ ഉപയോഗപ്പെടുത്തി<br>രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ<br>ശാസ്ത്ര ക്ലാസുകൾആരംഭിക്കുന്നു.<br>പരീക്ഷണകിറ്റുകൾ നിർമ്മിക്കുന്നു.<br>പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി<br>ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം<br>തയ്യാറാക്കുന്നു. | ജൂലൈ<br><br>ജൂൺ മുതൽ | | |
| 6. ശാസ്ത്രപ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | -ആരോഗ്യ ക്ലബ്ബ് ശാസ്ത്ര ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>-ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു<br>-ക്ലാസ്സുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം<br>ശാസ്ത്ര വിസ്മയ ചുമർ<br>-ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു.<br>-കുട്ടികളിൽ ശാസ്ത്രം അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | സയൻസ് വിഷയ സമിതി | 3000 |
| 7. വൈജ്ഞാനിക ബഹിർസ്ഫുരണം അന്വേഷണതൃഷ്ണ വർദ്ധിപ്പിക്കൽ നേരറിവ് നേടൽ | -പുതു പുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു<br>-സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ് സെമിനാർ പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു<br>-ശാസ്ത്രകാരന്മാരുമായി സംവാദം | അക്കാദമിക വർഷം | സയൻസ് വിഷയ സമിതി | 2500 |

Scanned with OKEN Scanner

| മേഖല യുപി സാമൂഹ്യ ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു<br>ഓർമ്മച്ചെപ്പ് അന്തർദേശീയ തല മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | 1000 |
| 2. അധിക വായനയ്ക്കുള്ള പുസ്തകങ്ങൾ കണ്ടെത്തുന്നതിന് | ഗ്രന്ഥശാല ശാക്തീകരണം അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസ്സുകൾ, ഇയർ ബുക്കുകൾ എന്നിവ ശേഖരിച്ച് ഗ്രന്ഥശാല വിപുലമാക്കൽ | 6 മാസം | SS CLUB SRG | 2000 |
| 3. സാമൂഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | SS CORNER വിദ്യാലയത്തിലെ എല്ലാ ക്ലാസ് മുറികളിലും സൗകര്യമായ ഒരിടത്ത് SS corner സ്ഥാപിക്കുക | അക്കാദമിക വർഷം | SS CLUB, സാമൂഹ്യശാസ്ത്ര അധ്യാപകർ | 500 |
| 4. പഠനയാത്ര: അനുഭവ പഠനത്തിലൂടെ അറിവിനെ ഉറപ്പിക്കുന്നു | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്<br>1.കോടതികൾ ,പോലീസ് സ്റ്റേഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രാമസഭ,വാർഡ്സഭ എന്നിവ സന്ദർശിച്ച് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു.<br>2. ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | ആറുമാസത്തിൽ ഒന്ന് | സാമൂഹ്യശാസ്ത്ര വിഷയ സമിതി, SRG | 3000 |
| 5. ദിനാചരണങ്ങളിലൂടെ | ഈ ദിനങ്ങളിലൂടെ സോഷ്യൽ സയൻസുമായി | നിശ്ചിത തീയതി | SS CLUB, SRG | 1000 |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| ചരിത്രവബോധം നേടുന്നു. | ബന്ധപ്പെട്ട ദിനാചരണങ്ങൾ എസ് ആർ ജിയിൽ രൂപപ്പെടുത്തി നിശ്ചിത ദിവസങ്ങൾക്കുള്ളിൽ സംഘടിപ്പിക്കുക | | | |
| 6. ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കാൻ | മോക്ക് പാർലമെൻറ്<br>വോട്ടെടുപ്പ് ,പാർലമെൻറ് രൂപീകരണം, മോക്ക്പാർലമെൻറ് സംഘടിപ്പിക്കൽ | വർഷത്തിൽ ഒരിക്കൽ | SS CLUB (UP, HS) | 1500 |
| 7. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | പ്രകൃതി താണ്ഡവം: നേർക്കാഴ്ച<br>ഭൂകമ്പം ,സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു | വർഷത്തിൽ ഒരിക്കൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | 1500 |
| 8. വിവിധ രുചിക്കൂട്ടുകൾ കുട്ടികളെ പരിചയപ്പെടുത്തുക"ആരോഗ്യകരമായ ഭക്ഷണശീലം" എന്ന വിഷയത്തിൽ ബോധവൽക്കരണം | ഭക്ഷ്യമേള<br>കുട്ടികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തത്തോടെ വീടുകളിൽ ഉണ്ടാക്കിയ പോഷക സമൃദ്ധമായ ഭക്ഷ്യവസ്തുക്കളുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | കുട്ടികൾ,രക്ഷിതാക്കൾ, സാമൂഹ്യശാസ്ത്ര അധ്യാപകർ | 1000 |
| 9. പ്രത്യക്ഷ അനുഭവത്തിലൂടെ ചരിത്രം, ഭൂമിശാസ്ത്രം എന്നിവയെ കുറിച്ച് അറിവ് നേടുന്നതിന് | ഡിജിറ്റൽ ആർട്ട് ഗ്യാലറി<br>ചരിത്രകാരന്മാർ, ഭൂമിശാസ്ത്രകാരന്മാർ, സാമ്പത്തിക ശാസ്ത്രജ്ഞർ, ചരിത്ര സ്മാരകങ്ങൾ, സ്ഥലങ്ങൾ, മന്ദിരങ്ങൾ തുടങ്ങിയവ സമഗ്ര, ഇൻറർനെറ്റ് എന്നിവയിൽ നിന്നും ശേഖരിച്ച് ക്രമീകരിച്ചു വയ്ക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | 2000 |
| 10. പഠന നേട്ടങ്ങൾ കൈവരിക്കാൻ ഉള്ള ശാക്തീകരണം | പ്രദർശനം സംഘടിപ്പിക്കുക<br>മോഡലുകൾ, പുരാവസ്തുക്കൾ, കളിമൺ പാത്രങ്ങൾ, നാണയങ്ങൾ, ഇലക്ട്രോണിക് വോട്ടിംഗ് മെഷീന്റെ മാതൃക, ATM മാതൃക എന്നിവയുടെ പ്രദർശനം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ, SRG. PTA | 2500 |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 11. സ്വന്തം പ്രദേശത്തെ ചരിത്രത്തെ കുറിച്ചുള്ള അവബോധം നേടുന്നു | പ്രാദേശിക ചരിത്രരചന<br>കുട്ടികൾ അവർ താമസിക്കുന്ന സ്വദേശത്തെ കുറിച്ച് ചരിത്ര രചന സൃഷ്ടിക്കുന്നു | അക്കാദമിക വർഷാവസാനം | സാമൂഹ്യശാസ്ത്ര അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ, ഗ്രന്ഥശാല | 3000 |

Scanned with OKEN Scanner

# ദേവധാർ ജി എച്ച് എസ് എസ് താനൂർ

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26

**പൊ**തുവിദ്യാലയങ്ങളുടെ സവിശേഷമായ മുന്നേറ്റത്തിന്റെ ദിശയിലാണ് ദേവധാർ ഗവ.ഹയർ സെക്കൻഡറി സ്ക്കൂളുമുള്ളത്. തീരദേശമേഖലയുടെ പരിമിതികൾ ക്കകത്താണേലും അതിനെ അതിജീവിക്കാൻ സവിശേഷമായ സ്ക്കൂളിന്റെ കൂട്ടായ്മയ്ക്ക് കഴിയുന്നുണ്ട്. കുട്ടികൾ 8,9,10 ഡിവിഷനുകളിലായി പഠിക്കുന്നു. സ്ഥിരം അദ്ധ്യാപകരും അതിഥി അദ്ധ്യാപകരുമാണ് നമ്മുടെ വിദ്യാലയത്തിൽ ഉള്ളത്. അടിസ്ഥാന സൗകര്യങ്ങളിൽ പരിമിതികൾ ഉ ങ്കിലും ലഭ്യമായ റിസോഴ്സ് പരമാവധി പ്രയോജനപ്പെടുത്തിയാണ് മുന്നോട്ടു പോകുന്നത്.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി ലക്ഷ്യം കൈവരിക്കാൻ സ്ക്കൂൾ റിസോഴ്സ് ഗ്രൂപ്പ് പത്തു പഠന ഗ്രൂപ്പുകളായി മാറിയാണ് 2025-26 വർഷത്തെ അക്കാദമിക്പ്ലാൻ നടപ്പാക്കുന്നത്. ആസൂത്രണം, നിർവ്വഹണം,അവലോകനം എന്നിവയെല്ലാം അതത് ഗ്രൂപ്പിന്റെ മേൽനോട്ടത്തിൽ തന്നെ ചെയ്യും. രക്ഷാകർതൃ ശാക്തീകരണം, അദ്ധ്യാപക ശാക്തീകരണം, മികവുകൾ, പ്രതിഭകളെ കണ്ടെത്തൽ , ആരോഗ്യം - ശുചിത്വം - പരിസ്ഥിതി, മേളകൾ, ഭിന്നശേഷി-പിന്നാക്ക-തീരദേശം, അടിസ്ഥാനശേഷി വികസനം, അച്ചടക്കം- ക്ലാസ്മുറി മാനേജ്മെന്റെ ,വ്യക്തിഗത ശ്രദ്ധ, ലൈബ്രറി എന്നിവയാണ് ഈ പത്ത് പഠന മേഖലകൾ. എല്ലാ ടീച്ചേഴ്സും ഈ ഗ്രൂപ്പുകളുടെ ഭാഗമാണ്. കൺവീനർമാരെയും ഓരോ ഗ്രൂപ്പിനും ചുമതലപ്പെടുത്തിയിട്ടുണ്ട് . ഗ്രൂപ്പ് തിരിച്ചു യോഗം ചേർന്നാണ് പദ്ധതികൾ രൂപപ്പെടുത്തിയത്.

## പൊതു ലക്ഷ്യങ്ങൾ

സ്ക്കൂളിന്റെ സമഗ്രവും സമതുലിതവുമായ വികസനമാണ് പ്രധാന ശ്രദ്ധ. സ്ക്കൂളിൽ നിലവിൽ നടത്തിയ വിജയകരമായ പദ്ധതികളുടെ ചുവട് പിടിച്ചാണ് ഈ പദ്ധതിയും രൂപകല്പന ചെയ്തതും നടപ്പിലാക്കുന്നതും. അവഗണിക്കപ്പെടുന്ന വിഭാഗം കുട്ടികൾക്ക് സവിശേഷ ശ്രദ്ധയും പരിഗണനയും നൽകും.

# രക്ഷാകർത്തൃ ശാക്തീകരണം

## ലക്ഷ്യങ്ങൾ

- കുട്ടികൾക്ക് മികച്ച ഗുണനിലവാരമുള്ള പാരൻറിംഗ് ഉറപ്പുവരുത്തുക.
- രക്ഷാകർത്തൃ വിദ്യാഭ്യാസം ആധുനിക രീതിയിൽ നടപ്പാക്കുക
- കുട്ടികളുടെ മികവുകൾ രക്ഷിതാക്കളുടെയും പിന്തുണ ഉറപ്പാക്കുക
- മികവുത്സവങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുക
- അക്കാദമിക് പഠന പിന്തുണ നൽകുന്നതിനായി രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുക
- സ്കൂൾ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുക
- ക്ലാസ് പിടിഎ കൾ ശക്തിപ്പെടുത്തുക

## പ്രവർത്തനങ്ങൾ

- ഒപ്പം -രക്ഷിതാക്കളുടെ പഠന സഹായ ഗ്രൂപ്പ് ആഗസ്റ്റ് മാസം രൂപീകരിക്കും.
- സ്നേഹ വീട് - വീടുകളിൽ പരിഗണന പല കാരണങ്ങളാൽ ലഭിക്കാത്ത കുട്ടികൾക്ക് പരിഗണനയും സ്നേഹവും ലഭിക്കാനുള്ള ബോധവത്ക്കരണം രക്ഷിതാക്കൾക്ക് നൽകുന്ന പ്രവർത്തനങ്ങൾ.
- ദേവധാറിലെ കുട്ടികളുടെ ഗൃഹസന്ദർശനം നടത്തും. ആദ്യ പരിഗണന പത്താം ക്ലാസിനാകും.,അതിലാദ്യം പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടിൾക്കാകും.
- എല്ലാ മാസവും ഒരു ക്ലാസ് പിടിഎ.
- പരീക്ഷകൾക്ക് ശേഷം പഠനപുരോഗതി റിപ്പോർട്ട് നൽകി രക്ഷിതാക്കളുടെ യോഗം നടത്തും.
- എല്ലാ കുട്ടികൾക്കും ആഗസ്റ്റ് മുതൽ ഘട്ടംഘട്ടമായി മൊട്ടിവേഷൻ ക്ലാസ്.
- മൊബൈൽ ഉപയോഗ ബോധവത്കരണം,സൈബർ സുരക്ഷ,പാരൻ്റിങ് എന്നിവയിൽ പരിശീലനം.
- അമ്മ വായന
- കുട്ടികളുടെ അമ്മമാരെ ഉൾപ്പെടുത്തി വായനാ പ്രവർത്തനം നടത്തും.
- വിവിധ മത്സരങ്ങൾ, ക്ലാസുകൾ സംഘടിപ്പിക്കും.
- ഇ-സാക്ഷരത(നവ സാങ്കേതിക വിദ്യ അറിയൽ )
- സ്കൂൾ ലാബ്,ടാബ് ചലഞ്ച് ടാബുകൾ എന്നിവ ഉപയോഗിച്ച് ഇ-സാക്ഷരതാ പ്രവർത്തനം നടത്തും.
- ക്ലാസ് പിടിഎ
- എല്ലാ ക്ലാസിലും രക്ഷിതാക്കളുടെ പ്രത്യേക ഗ്രൂപ്പ് ഉണ്ടാക്കും.ക്ലാസ് പ്രവർത്തനങ്ങൾ വിലയിരുത്തും.
- മേളകളിൽ രക്ഷിതാക്കളെയും ഒപ്പം നിർത്തും. സ്ക്കൂൾതല മേളയ്ക്കൊപ്പം രക്ഷിതാക്കൾക്കും ചില ഇനങ്ങളിൽ പ്രത്യേക മത്സരങ്ങൾ നടത്തും.

## വിമുക്തി

### ലക്ഷ്യങ്ങൾ

- സ്കൂൾ ക്യാമ്പസ് ലഹരി വിമുക്തമാക്കുക
- ലഹരിയുടെ സ്വാധീനം വലയത്തിൽപെട്ട കുട്ടികളെ അതിൽ നിന്നും പിന്തിരിപ്പിക്കുക
- ലഹരിവിമുക്ത സന്ദേശങ്ങളുടെ പ്രചരണം
- ബോധവത്കരണം

### പ്രവർത്തനങ്ങൾ

- ❖ കുട്ടികൾക്കിടയിൽ ജൂൺ, ജൂലൈ മാസങ്ങളിൽ നിരന്തര ബോധവത്ക്കരണം നടത്തുക
- ❖ ക്ലാസ് പിടിഎകൾ വഴി രക്ഷിതാക്കൾക്ക് ബോധവൽക്കരണം നടത്തും.
- ❖ ലഹരി വിരുദ്ധ പോസ്റ്റർ
- ❖ ആഗസ്റ്റ് 15 ന് സ്വാതന്ത്രരാവാം പോസ്റ്റർ രചന കാമ്പയിൻ നടത്തും
- ❖ വിവിധ കാമ്പയിനുകൾ

## അധ്യാപക ശാക്തീകരണം

### ലക്ഷ്യങ്ങൾ

- വിഷയത്തെയും പഠന ബോധന തന്ത്രങ്ങളെയും കുറിച്ച് അധ്യാപകരുടെ ധാരണകൾ അപ്ഡേറ്റ് ചെയ്യുക.
- ഐസിടി സംവിധാനങ്ങളിലൂടെ ക്ലാസുകൾ നൽകാൻ മുഴുവൻ അധ്യാപകരെയും പ്രാപ്തരാക്കുക.
- ടെൻഷനകറ്റാൻ ആവശ്യമായ വിശ്രമ വിനോദ സെഷനുകൾ, അവസരങ്ങൾ നൽകൽ.
- ആരോഗ്യപ്രശ്നങ്ങളിൽ ശ്രദ്ധ നൽകൽ.
- ഐടി അധ്യാപകർക്ക് ആവശ്യമായ അക്കാദമിക് പിന്തുണ നൽകൽ
- അധ്യാപകരെ AI സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ക്ലാസ് പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്താൻ പ്രാപ്തരാക്കുക
- മാറുന്ന കാലത്തിനൊപ്പം സഞ്ചരിക്കുന്ന അധ്യാപക സമൂഹം സൃഷ്ടിക്കൽ

## പ്രവർത്തനങ്ങൾ

- ❖ എല്ലാ വിഷയങ്ങളിലെയും ഒരു ഐ ടി റിസോഴ്സ് വിദഗ്ധൻ / വിദഗ്ധയെ കണ്ടെത്തുന്നു.
- ❖ ആദ്യ ഘട്ടത്തിൽ അവരുടെ സഹായത്തോടെ ഓരോ വിഷയത്തിലെയും ഐ സി ടി ഉത്പന്നങ്ങൾ നിർമ്മിക്കുന്നു.തുടർന്ന് എല്ലാ അദ്ധ്യാപകരെയും നിർമ്മാണത്തിന് പ്രാപ്തരാക്കുന്നു.
- ❖ എല്ലാ അദ്ധ്യാപകരും സ്വന്തം ബ്ലോഗ് തുടങ്ങുന്നതിനുള്ള പ്രവർത്തനം.
- ❖ ഇന്റർനെറ്റ് ഉപയോഗിച്ചു ഡോക്യൂമെന്റുകൾ തയ്യാറാക്കാനും ഗൂഗിൾ ഷീറ്റ് ,ഗൂഗിൾ ഫോം തുടങ്ങിയവ നിർമ്മിക്കാനുള്ള പരിശീലനം.
- ❖ ഐ ടി ലാബുകളിലെ troubleshooting പരിശീലനം.
- ❖ ഇ-ഫയലിംഗ് , സ്പാർക് വഴി രെജിസ്ട്രേഷൻ തുടങ്ങിയവ.
- ❖ ക്ലാസ്സുമുറികളിൽ ഇന്റർനെറ്റ് ഉപയോഗം ,ഡാറ്റാ ട്രാൻസ്ഫർ, AI (Artificial Intelligence) എന്നിവയും പരിശീലിക്കുന്ന ക്ലാസുകൾ സംഘടിപ്പിക്കുന്നു.
- ❖ AI ഉപയോഗിച്ചു പഠന വിഭവങ്ങൾ തയ്യാറാക്കാനുള്ള പരിശീലനം
- ❖ സമഗ്ര പോർട്ടൽ വഴി ടീച്ചിങ് മാന്വൽ , റിസോഴ്സ്സ് ഇവ അപ്‌ലോഡ് ചെയ്യാനുള്ള പരിശീലനം.

# മികവ്

## ലക്ഷ്യങ്ങൾ

- ദേവധാറിനെ മികവിന്റെ കേന്ദ്രമാക്കി പൊതുഇടങ്ങളിൽ ശ്രദ്ധേയ സാന്നിധ്യം ആക്കുക
- വിവിധ മേഖലകളിൽ സാന്നിധ്യം അറിയിച്ച വരെ വിദ്യാലയത്തിൽ വരുത്തി കുട്ടികൾക്ക് അവരുമായി സംവദിക്കാനുള്ള അവസരമൊരുക്കൽ
- പ്രസിദ്ധീകരണ സംരംഭങ്ങൾ തുടങ്ങുക
- ഡിജിറ്റൽ മാഗസിനിലൂടെ കുട്ടികളുടെ സർഗ രചനകൾ പൊതുസമൂഹത്തിൽ എത്തിക്കുക
- ഡോക്യുമെന്ററി നിർമ്മിക്കുക പ്രാദേശിക ചരിത്ര രചന സംരംഭങ്ങൾക്കായി ഒരു സ്ഥിരം ചെയർ തുടങ്ങുക
- കുട്ടികളുടെ ദൃശ്യ സംസ്കാരത്തിൽ ഇടപെടുക
- റിപ്പോർട്ടിംഗ് എഡിറ്റിംഗ് തുടങ്ങിയ വാർത്ത സംരംഭങ്ങളിൽ കുട്ടികൾക്ക് വേണ്ട അവസരങ്ങൾ നൽകുക
- ഫോട്ടോ /ചിത്ര പ്രദർശനങ്ങൾ നടത്തുക

## പ്രവർത്തനങ്ങൾ

- ഡോക്യുമെന്ററി ടീം രൂപീകരിക്കുന്നു. പ്രാരംഭമായി കുട്ടികളെ മികച്ച ഡോക്യുമെന്ററികൾ പരിചയപ്പെടുത്തും. ശില്പശാലകൾ നടത്തി ജനുവരിയിൽ ഒരു **ഡോക്യുമെന്ററി ചിത്രീകരിക്കും**.
- കുട്ടികളുടെ **എഴുത്തുപുര വർക്ക്ഷോപ്പുകൾ** സംഘടിപ്പിക്കുക ഇതിനായി ആദ്യം താല്പര്യമുള്ള കുട്ടികളെ കണ്ടെത്തും .താല്പര്യം ഉള്ള കുട്ടികളുടെ രജിസ്ട്രേഷൻ ജൂലായ് മാസം പൂർത്തിയാക്കും. **കഥ ,കവിത ,ലേഖനം രചന** ശില്പശാല തുടങ്ങും
- ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാനായി ഒരു എഡിറ്റോറിയൽ ടീം കുട്ടികളിൽ നിന്നും കണ്ടെത്തി ആവശ്യമായ പരിശീലനം നൽകും. ടൈപ്പിംഗിന് അറിയുന്ന കുട്ടികളെ **ലിറ്റിൽ കൈറ്റ്സ്** സഹകരണത്തോടെ കണ്ടെത്തും.ഐടി താത്പര്യം ഉള്ള മറ്റ് കുട്ടികളെയും ഇതിനായി ഉപയോഗപ്പെടുത്താം. **ഡിജിറ്റൽ മാഗസിൻ** ഫിബ്രവരിയിൽ പ്രകാശനം ചെയ്യും
- **പ്രാദേശിക ചരിത്ര രചനയിൽ ഒരു സ്ഥിരം പഠനകേന്ദ്രം** തുടങ്ങും. ചരിത്രരചനയിൽ താല്പര്യമുള്ള കുട്ടികളെ ജൂലൈ മാസം കണ്ടെത്തും. വർക്ഷോപ്പുകൾ തുടങ്ങും. സപ്തംബർ മാസം ഫീൽഡ്സ്റ്റഡി തുടങ്ങും.ഒക്ടോബറിൽ ചരിത്രരചന നിർവഹിക്കും.ജനുവരി അവസാനം പ്രകാശനം ചെയ്യും.
- **ഫിലിം ഫെസ്റ്റിവൽ** ഡിസംബറിൽ നടത്തും.ഫിലിം ക്ലബ്ബ് നേതൃത്വത്തിൽ രജിസ്ട്രേഷൻ ഓഗസ്റ്റ് മാസത്തിൽ നടത്തും. **ഒരു മാസം ഒരു സിനിമ** കുട്ടികളെ കാണിക്കും.ഓപ്പൺ ഫോറം, സിനിമാ ആസ്വാദന സദസ്സ് എന്നിവ ഒരുക്കും.
- മീഡിയ ക്ലബ് സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളും റിപ്പോർട്ട് ചെയ്യും.ന്യൂസ് മെയ്ക്കിങ്ങിൽ താല്പര്യമുള്ള കുട്ടികളെ ജൂലൈ മാസം കണ്ടെത്തും. വാട്സ്ആപ്പ് ഗ്രൂപ്പ് വഴി കുട്ടികളെ രജിസ്റ്റർ ചെയ്യും.ആഗസ്റ്റ് മാസം പരിശീലന അവസരങ്ങൾ ഒരുക്കും. മീഡിയ പഠനത്തിന് കൂടുതൽ അവസരങ്ങൾ ഒരുക്കും റിപ്പോർട്ടർ ,സബ് എഡിറ്റർ ക്യാമറാമാൻ, ക്യാമറാവുമൻ ,എഡിറ്റർ തസ്തികകളിൽ കുട്ടികളെ ചുമതലപ്പെടുത്തും.
- ചിത്രപ്പുരയിൽ ചിത്രകാരന്മാരെ ഉൾപ്പെടുത്തി ഒക്ടോബറിൽ ചിത്രകലാ ക്യാമ്പും ചിത്രപ്രദർശനങ്ങളും നടത്തും. ഓഗസ്റ്റ് 15 ന് പെ ൺകുട്ടികളായ ചിത്രകാരികളുടെ ചിത്രപ്രദർശനങ്ങൾ. **സ്വാതന്ത്ര്യം** എന്ന വിഷയത്തിൽ മൊബൈൽ ഫോട്ടോഗ്രാഫി മത്സരം എന്നിവ ഉണ്ടാകും.

# വിദ്യാരംഗം

## ലക്ഷ്യങ്ങൾ

- സർഗപരമായ കഴിവുകൾ പരിപോഷിപ്പിക്കുക
- രചനാപരമായ കഴിവുകളും വികസിപ്പിക്കുക
- രചനാക്യാമ്പുകൾ നടത്തുക.
- ചിത്രപ്രദർശനങ്ങൾ ക്ക് അവസരങ്ങൾ ഒരുക്കുക
- നാടൻപാട്ട് കൂട്ടം ഒരുക്കുക

## പ്രവർത്തനങ്ങൾ

- ❖ മാസത്തിൽ രണ്ട് സർഗ്ഗവേള കുട്ടികൾക്കു നൽകുക.
- ❖ വിവിധ ക്യാമ്പുകൾ തുടങ്ങുക
- ❖ നാടൻ പാട്ട് പാടുന്ന കുട്ടികൾക്കായി ജൂലൈ മാസത്തിൽ ഒരു പാട്ട് കൂട്ടം രൂപീകരിക്കുക.
- ❖ താല്പര്യം ഉള്ള കുട്ടികൾക്കായി ചിത്രകലാ ക്യാമ്പും ചിത്രകലാ പ്രദർശനവും
- ❖ ഓരോ മാസത്തിലും ഒരു പുസ്തകം എന്ന രീതിയിൽ **പുസ്തക ആസ്വാദന സദസ്സുകൾ** ആഗസ്റ്റ് മുതൽ ഡിസംബർ വരെ ചേരും
- ❖ കളർ ബോക്സിലൂടെ അഭിനയം, സംഗീതം, മീഡിയ,കലാ- സാഹിത്യം, ചിത്രരചന, നൃത്തം മേഖലകളിൽ തുടർ ക്യാമ്പുകൾ ഒരുക്കി കുട്ടികളെ കണ്ടെത്തും

## മേളകൾ

### ലക്ഷ്യങ്ങൾ

- കലാ-കായിക- ശാസ്ത്രരംഗത്ത് പ്രതിഭകളെ കണ്ടെത്തുക.
- രണ്ടുവർഷമായി ഇല്ലാതായി പോയ മേളകൾക്ക് ജീവൻ നൽകുക.
- സ്കൂൾ മേളകളിൽ കുട്ടികളുടെ പങ്കാളിത്തം ഉണ്ടാക്കുക.
